മേഖലയിൽ അനുവദിച്ചിരുന്ന 56 തൊണ്ടു തല്ലൽ യൂണിറ്റുകളും പ്രവർത്തനക്ഷമ മാക്കാനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുന്നതോടൊപ്പം സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന തൊണ്ടു തല്ലൽ യന്ത്രത്തിന്റെ വിലയുടെ 50 ശതമാനം തുക അഞ്ചു ലക്ഷത്തിൽ പരിമിതപ്പെടുത്തി പ്രത്യേക സബ്സിഡിയായി നൽകുന്നു.

(സി) സംസ്ഥാനത്ത് ലഭ്യമായ മുഴുവൻ തൊണ്ട് ഇതിനായി ഉപയോഗിക്കു മെങ്കിൽ ആയത് പര്യാപ്തമാകുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

(ഡി) സംസ്ഥാനത്തുള്ള ലഭ്യമായ തൊണ്ടിന്റെ 40 ശതമാനം വരെ മാത്രമേ ഇപ്പോൾ വിനിയോഗിക്കുന്നുള്ളു.

(ഇ) പരീക്ഷണാടിസ്ഥാനത്തിൽ 100 കിന്റൽ തൊണ്ട് ബെയ്പ്പൂരിൽ എത്തിക്കുന്നതിന് കയർഫെഡ് വഴി ശ്രമിച്ചിരുന്നു. എന്നാൽ ലക്ഷദ്വീപിൽ നിന്നും ലഭ്യമായത് ഉണങ്ങിയ തൊണ്ടാണ്. ഇതിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന ബ്രൗൺ ഫൈബറിന് സംസ്ഥാനത്ത് ഡിമാന്റ് കുറവാണ്. ലക്ഷദ്വീപിൽ നിന്നും തൊണ്ട് വിലയ്ക്കു വാങ്ങികൊണ്ടു വരുന്നതിന് ചെലവ് കൂടുമെന്നും കണക്കാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുടർനടപടി താൽക്കാലികമായി നിർത്തിവച്ചിരിക്കു കയാണ്.

കശുമാവ് കൃഷി വികസന പദ്ധതി

*5 [321] ശ്രീ. പി. കെ. അബ്ദു റബ്ബ്:

,, സി. ടി. അഹമ്മദ് അലി:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. മോയിൻകുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കശുമാവ് കൃഷി വികസന പദ്ധതിയുടെ പ്രവർത്തനം ഏതെല്ലാം പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പുതുതായി കശുവണ്ടിത്തോട്ട വികസനത്തിനും പുതിയ ഇനം തൈകൾ നടുന്നതിനും പദ്ധതിയുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം ഇത് പ്രാവർത്തികമാക്കി എന്ന് വെളിപ്പെടുത്താമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കേന്ദ്രീകരിച്ചാണ് നടപ്പിലാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കശുവണ്ടിത്തോട്ട വികസനത്തിന്റെ ഭാഗമായി പാഴ് സ്ഥലങ്ങളിൽ കശുമാവ് തൈകൾ വച്ചു പിടിപ്പിക്കുന്നതിനും പ്രായമായതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റി ഉൽപ്പാദനശേഷിയുള്ള പുതിയ ഇനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സമഗ്ര കശുമാവു കൃഷി വികസന പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു. ഈ സാമ്പത്തിക വർഷം 600 ഹെക്ടർ സ്ഥലത്ത് കശുമാവ്കൃഷി വികസിപ്പിക്കുന്നതിനും 1310 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

നികുതി നിർണ്ണയ സംവിധാനത്തിന്റെ പ്രവർത്തനം

*6 [322] ശ്രീ. കെ. കെ. ജയചന്ദ്രൻ:

„ ടി. കെ. ബാലൻ:

„ കെ. വി. കുഞ്ഞിരാമൻ:

„ പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി നിർണ്ണയം കൃത്യമായി നടത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും വിൽപ്പന നികുതി വകുപ്പിൽ പ്രത്യേക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം ഫലപ്രദമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കുറവായ നികുതി ചുമത്തലിന്റെ ഫലമായി 2002-2003-ൽ 518.74 കോടി രൂപയുടെ നഷ്ട മുണ്ടായതായി കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം കുറവായ നികുതി ചുമത്തി കോടിക്കണക്കിന് രൂപ നഷ്ട പ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നികുതി വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ നികുതി വെട്ടിപ്പ് ഏറെക്കുറെ ഫലപ്രദമായി തടയുന്നതിന് സഹായിക്കുന്നുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly